# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3455 21.12.2012-ൽ മറുപടിയ്ക്ക്

**കേരള വെറ്ററിനറി സർവ്വകലാശാലയുടെ നിർമ്മാണ ചുമതല ബി.എസ്.എൻ.എൽ ന് നൽകിയ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള വെറ്ററിനറി സർവ്വകലാശാലയുടെ നിർമ്മാണ കരാർ ബി.എസ്.എൻ.എൽ -ന് നൽകിയത് എപ്പോഴാണ്; എന്തെല്ലാം പ്രവർത്തികൾക്കാണ് കരാർ ഉണ്ടാക്കിയത് ; | എ) 30/4/2012 ൽ BSNL- ഉമായി കേരളാ വെറ്ററിനറി സർവ്വകലാശാല ധാരണാപത്രം ഒപ്പിട്ടു. GO(Rt) No 100/12/AD dated 12/1/2012 പ്രകാരം നബാർഡ് ധനസഹായം ഉപയോഗിച്ച് പ്ലാൻ ചെയ്തിരുന്ന നിർമ്മാണപ്രവർത്തികൾക്കാണ് കരാർ ഉണ്ടാക്കിയത് . നിർമ്മാണ പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു |
| ബി) വെറ്ററിനറി സർവ്വകലാശാല നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങൾ എടുത്തു എന്ന് വിശദീകരിക്കാമോ; | ബി) GO(Rt) No 100/12/AD dated 12/1/2012 പ്രകാരം നബാർഡ് ധനസഹായമായി യൂണിവേഴ്സിറ്റിക്ക് ലഭിച്ച 4448 ലക്ഷം രൂപ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ (അനുബന്ധം – 2) ചെയ്യുന്നതിനായി സർവ്വകലാശാല 30–04–2012 ൽ ബി എസ് എൻ എല്ലുമായി ഒരു ധാരണാപത്രം ഒപ്പിട്ടു. എന്നാൽ 28–06–2012 ൽ ചേർന്ന ബോർഡ് യോഗം ബി.എസ്.എൻ. എല്ലുമായി ഉണ്ടാക്കിയ ഈ ധാരണാപത്രം റദ്ദാക്കി.<br>FN 7(2)-2011-EPM dated 29/3/12 പ്രകാരം 2011–12 ലെ കേന്ദ്ര ബഡ്ജറ്റിൽ, കേന്ദ്ര ധനകാര്യവകുപ്പ് യൂണിവേഴ്സിറ്റിയ്ക്ക് വേണ്ടി 100 കോടി രൂപ പ്രത്യേകമായി നീക്കിവെച്ചിരുന്നു. ഈ തുകയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി സർവ്വക |

ലാശാല തീരുമാനിച്ച നിർമ്മാണ പ്രവർത്തനങ്ങൾ (അനുബന്ധം - 3) CPWD യെ ഏൽപ്പിയ്ക്കാൻ തീരുമാനിച്ചു. ഇതിനെ തുടർന്ന് CPWD യുമായി 29/11/12 ൽ ധാരണാപത്രം ഒപ്പിടുകയും ചെയ്തു.

സ്റ്റേറ്റ് പ്ലാൻ ഫണ്ട് 2011-12 ൽ 7,20,79,750/ രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മാറ്റിവെച്ചിട്ടുണ്ട്. ഈ തുകയിൽ ഉൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ (അനുബന്ധം 4) വെറ്ററിനറി സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗം ഏറ്റെടുത്തു പൂർത്തീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| സി) | 2012 മാർച്ച് 19-ന് ചേർന്ന ബോർഡ് ഓഫ് മാനേജ്മെന്റിന്റെ യോഗതീരുമാനങ്ങളുടെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | സി) | 2012 മാർച്ച് 19 - ന് ചേർന്ന ബോർഡ് ഓഫ് മാനേജ്മെന്റിന്റെ യോഗ തീരുമാനങ്ങളുടെ മിനിട്സിന്റെ പകർപ്പ് അനുബന്ധം - 5 ആയി ചേർക്കുന്നു. |
| ഡി) | പ്രസ്തുത തീരുമാനങ്ങൾ പിന്നീട് റദ്ദാക്കുകയുണ്ടായോ;എങ്കിൽ ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഏത് യോഗത്തിൽവച്ച് ; ബന്ധപ്പെട്ട മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ? | ഡി) | 2012 മാർച്ച് 19 - ന് ചേർന്ന ബോർഡ് ഓഫ് മാനേജ്മെന്റിന്റെ യോഗത്തിൽ വെറ്ററിനറി സർവ്വകലാശാലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ബി എസ് എൻ എൽ- നെ ഏൽപ്പിക്കാനെടുത്ത തീരുമാനം 28/6/2012 - ന് ചേർന്ന ബോർഡ് ഓഫ് മാനേജ്മെന്റിന്റെ യോഗത്തിൽ റദ്ദാക്കാൻ തീരുമാനിച്ചു. 28/6/2012 - ന് ചേർന്ന ബോർഡ് ഓഫ് മാനേജ്മെന്റിന്റെ യോഗ തീരുമാനങ്ങളുടെ മിനിട്സിന്റെ പകർപ്പ് അനുബന്ധം - 6 ആയി ചേർക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

Seele

**സെക്ഷൻ ഓഫീസർ**